**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം : 1036

07.02.2013 ൽ
മറുപടിക്ക്

ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.എ.വാഹീദ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തങ്ങൾ ഉറപ്പാക്കികൊണ്ടുള്ള ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ തദ്ദേശവാസികൾക്ക് ടൂറിസത്തിലൂടെ സാമ്പത്തിക സാമൂഹിക നേട്ടം ഉറപ്പാക്കുകയും നടപ്പിലാക്കുന്ന പദ്ധതികൾ പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുകയില്ലെന്നും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും യാത്രാനുഭവങ്ങളും നൽകാൻ പര്യാപ്തമായ വിധം ടൂറിസം കേന്ദ്രങ്ങളെ മാറ്റിയെടുക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. |
| ബി) സംസ്ഥാനത്തെ എത്ര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; | ബി) കോവളം, കുമരകം, തേക്കടി, കുമ്പളങ്ങി, വൈത്തിരി, അമ്പലവയൽ,ബേക്കൽ എന്നീ ഏഴ് വിനോദ സഞ്ചാര കേന്ദ്രങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നത്. |
| സി) എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; | സി) ഘട്ടം ഘട്ടമായി മറ്റു വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) പദ്ധതി നടപ്പാക്കുന്നതിന് ആരുടെയെല്ലാം സഹകരണം തേടുന്നുണ്ട്; വിശദമാക്കുമോ; | ഡി) & ഇ) തദ്ദേശ ഭരണസ്ഥാപനങ്ങൾ, തദ്ദേശവാസികൾ, സ്വയം-സഹായ സംഘങ്ങൾ, ടൂറിസം വ്യവസായം,വിവിധ സർക്കാർ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണം തേടുന്നുണ്ട്. |
| ഇ) തദ്ദേശവാസികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം പദ്ധതി നടത്തിപ്പിനായി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ